P1/18607/2021/DCE

കോളേജ് വിദ്യാഭ്യസ ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ 6th ഫ്ലോർ
പിഎംജി ,പാളയം
തിരുവനന്തപുരം 695033
ഫോൺ:0471-2303107

**പത്രക്കുറിപ്പ്**

**മുഖ്യമന്ത്രിയുടെ പത്തിന പരിപാടിയുടെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രതിഭ ധനസഹായ പദ്ധതി**

ബഹു. മുഖ്യമന്ത്രിയുടെ പത്തിനപരിപാടിയിൽ ഉൾപ്പെടുത്തി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രതിഭാധനരായ ബിരുദ വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപ വീതം സ്കോളർഷിപ്പ് നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സ്കോളർഷിപ്പിനായി സംസ്ഥാനത്തെ താഴെ പറയുന്ന 14 യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വിവിധ വിഷയങ്ങളിൽ 2020-21 അധ്യയന വർഷം വിജയകരമായി പഠനം പൂർത്തീകരിച്ച, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക സ്കോളർഷിപ്പ് വിതരണ ഓൺലൈൻ പോർട്ടൽ ആയ https://dcescholarship.kerala.gov.in മുഖാന്തിരം 2022 ഫെബ്രുവരി 21 (21.02.2022) മുതൽ 2022 മാർച്ച് 5 (05.03.2022) ആം തീയതിവരെ വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആയതു സംബന്ധിച്ച മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു.

1. 2020-21 അധ്യയന വർഷം അവസാന വർഷ ഡിഗ്രി ബിരുദ പരീക്ഷ പാസ്സായവരിൽ നിന്നും പരീക്ഷയിൽ ലഭിച്ച ആകെ സ്കോറിന്റെ അടിസ്ഥാനത്തിലായിരിക്കും അർഹരായവരെ തിരഞ്ഞെടുക്കുന്നത്.

2. കേരളത്തിലെ താഴെ പറയുന്ന സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ഡിഗ്രി/തത്തുല്യ കോഴ്സിൽ റെഗുലറായി കോഴ്സ് പൂർത്തീകരിച്ചവരും 75% ത്തിന് മുകളിൽ മാർക്ക് ലഭിച്ച വിദ്യാർഥികൾക്കുമാണ് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുള്ളത്.

| No. | University |
|---|---|
| 1 | University of Kerala |
| 2 | University of Calicut |
| 3 | Cochin University of Science and Technology |
| 4 | Mahatma Gandhi University |
| 5 | Kannur University |
| 6 | Kerala University of Health Sciences |

| | |
|---|---|
| 7 | Kerala Veterinary and Animal Science University |
| 8 | Kerala Agricultural University |
| 9 | Kerala University of Fisheries and Ocean Studies |
| 10 | National University of Advanced Legal Studies |
| 11 | Sree Sankaracharya University of Sanskrit |
| 12 | Kerala University of Digital Sciences, Innovation and Technology |
| 13 | A P J Abdul Kalam Technological University |
| 14 | Kerala Kalamandalam |

3. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും മെറിറ്റ് അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച വിദ്യാർഥികൾക്കായിരിക്കും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നത്. ഓരോ സർവകലാശാലയിലെയും ഡിഗ്രി വിഭാഗത്തിലെ ഓരോ വിഷയത്തിലും പഠിച്ച ആകെ വിദ്യാർത്ഥികളുടെ എണ്ണത്തിനു ആനുപാതികമായി ധനസഹായത്തിന്റെ എണ്ണം പരിമിതപ്പെടുത്തും.

4. അപേക്ഷകരുടെ വാർഷിക വരുമാനം 2.5 ( രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ) ലക്ഷം രൂപയിൽ താഴെയായിരിക്കണം.

5. ഓരോ സർവകലാശാലകളിലെ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ വിഷയാനുസൃതമായി വെവ്വേറെയായിരിക്കും സ്കോളർഷിപ്പിനായി പരിഗണിക്കുന്നത്.

6. ധനസഹായത്തിനായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഡിഗ്രി സർട്ടിഫിക്കറ്റ്, കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്, എറ്റവും പുതിയ വരുമാന സർട്ടിഫിക്കറ്റ് മുതലായവ അപേക്ഷിക്കുന്ന സമയത്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

7. അപേക്ഷയയുമായി ബന്ധപ്പെട്ട സംശയ ദൂരീകരണത്തിന് താഴേ നൽകിയിട്ടുള്ള നമ്പറിലും , ഇമെയിൽ വിലാസത്തിലും ബന്ധപ്പെടാവുന്നതാണ് .

- Gokul. G. Nair – 9746969210
- Aneesh Kumar Y.P – 7907052598
- Abhijith A.S – 6238059615
- email ID :- cmscholarshipdce@gmail.com

# Approval Valid

Digitally Approved By
VIGNESHWARI V I.A.S
Date: 18.02.2022

Reason: Approved